228

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സാർക്ക് ഉടമ്പടി (ഭീകരപ്രവർത്തനം തടയൽ) ആക്റ്റ്, 1993

(1993-ലെ 36-ാം നമ്പർ ആക്റ്റ്)

(2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE SAARC CONVENTION (SUPPRESSION OF TERRORISM) ACT, 1993

(Act 36 of 1993)

*(As on 1st January, 2002)*

വില: 12.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2003

## ആമുഖം

2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സാർക്ക് ഉടമ്പടി (ഭീകര പ്രവർത്തനം തടയൽ) ആക്റ്റ്, 1993 (1993-ലെ 36-ാം ആക്റ്റ്) ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഫെബ്രുവരി 10-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 53 മുതൽ 58 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ്, സി. ജയിൻ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This edition of the SAARC Convention (Suppression of Terrorism) Act, 1993 (Act 36 of 1993) as on 1st January, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1 dated 10th February, 2003 on pages 53 to 58.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH, C. JAIN,

# സാർക്ക് ഉടമ്പടി (ഭീകരപ്രവർത്തനം തടയൽ) ആക്റ്റ്, 1993

## (1993-ലെ 36-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും | .. | 1 |
| 2. നിർവ്വചനങ്ങൾ | .. | 1 |
| 3. ഉടമ്പടിയുടെ ബാധകത | .. | 1 |
| 4. ബന്ധിയാക്കൽ | .. | 1 |
| 5. കുറ്റവാളികളെ തിരിച്ചയയ്ക്കൽ ആക്റ്റ് സംബന്ധിച്ച വ്യവസ്ഥകൾ | .. | 1 |
| 6. ഭാരതത്തിനുവെളിയിൽ ചെയ്യുന്ന കുറ്റങ്ങൾ | .. | 2 |
| 7. പ്രോസിക്യൂഷന് മുൻ അനുമതി ആവശ്യമാണെന്ന് | .. | 2 |
| 8. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | .. | 2 |
| പട്ടിക | | |
| ഭീകര പ്രവർത്തനം തടയുന്നത് സംബന്ധിച്ച സാർക്ക് മേഖലാ ഉടമ്പടി മേഖലാടിസ്ഥാനത്തിലുള്ള സഹകരണത്തിനുവേണ്ടി ദക്ഷിണ ഏഷ്യൻ അസോസിയേഷന്റെ അംഗരാജ്യങ്ങൾ (സാർക്ക്) | .. | 2 |
| അനുച്ഛേദം—I | .. | 3 |
| അനുച്ഛേദം—II | .. | 4 |
| അനുച്ഛേദം—III | .. | 4 |
| അനുച്ഛേദം—IV | .. | 4 |
| അനുച്ഛേദം—V | .. | 4 |
| അനുച്ഛേദം—VI | .. | 5 |
| അനുച്ഛേദം—VII | .. | 5 |
| അനുച്ഛേദം—VIII | .. | 5 |
| അനുച്ഛേദം—IX | .. | 5 |
| അനുച്ഛേദം—X | .. | 5 |
| അനുച്ഛേദം—XI | .. | 5 |
| ഗ്ലോസറി | .. | 6 |


3/4067/2002 (iv)

# സാർക്ക് ഉടമ്പടി (ഭീകരപ്രവർത്തനം തടയൽ) ആക്റ്റ്, 1993

## (1993-ലെ 36-ാം നമ്പർ ആക്റ്റ്)

[*1993 ഏപ്രിൽ, 29*]

ഭീകര പ്രവർത്തനം തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമോ ആയ കാര്യങ്ങൾക്കുംവേണ്ടി മേഖലാ സഹകരണത്തിനായുള്ള ദക്ഷിണ ഏഷ്യൻ അസ്സോസിയേഷൻ ഉടമ്പടിക്ക് പ്രഭാവം നൽകുന്നതിനുള്ള

ഒരു

ആക്റ്റ്

ഭീകര പ്രവർത്തനം തടയുന്നതിനുവേണ്ടിയുള്ള ഒരു ഉടമ്പടി 1987 നവംബർ 4-ാം തീയതി ഭാരത സർക്കാരിനുവേണ്ടി കാഠ്മണ്ഡുവിൽവച്ച് ഒപ്പുവച്ചതിനാലും ;

മുൻപറഞ്ഞ ഉടമ്പടി ഭാരത സർക്കാർ സ്ഥിരീകരിച്ചതിനാലും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള വ്യവസ്ഥകൾക്ക് പ്രഭാവം നൽകേണ്ടതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും.—(1) ഈ ആക്റ്റിന് സാർക്ക് ഉടമ്പടി (ഭീകര പ്രവർത്തനം തടയൽ) ആക്റ്റ്, 1993 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതും ഈ ആക്റ്റിന്റെ കീഴിൽ വരുന്ന ഏതൊരു കുറ്റവും ഭാരതത്തിനു വെളിയിൽ ഏതെങ്കിലും ഒരാൾ ചെയ്താലും 6-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഈ ആക്റ്റ് ബാധകമാകുന്നതും ആണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ഉടമ്പടി" എന്നാൽ ഭീകര പ്രവർത്തനം തടയുന്നതിന് മേഖലാ സഹകരണത്തിനു വേണ്ടി ദക്ഷിണ ഏഷ്യൻ അസ്സോസിയേഷൻ, 1987 നവംബർ 4-ാം തീയതി കാഠ്മണ്ഡുവിൽ ഒപ്പുവച്ചതും ഇതിന്റെ പട്ടികയിൽ ചേർത്തിട്ടുള്ളതുമായ ഉടമ്പടി എന്നർത്ഥമാകുന്നു;

(ഖ) "ഉടമ്പടി രാജ്യം" എന്നാൽ ഉടമ്പടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന രാജ്യം എന്നർത്ഥമാകുന്നു.

3. ഉടമ്പടിയുടെ ബാധകത.—മറ്റേതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ഉടമ്പടിയുടെ അനുച്ഛേദം I മുതൽ VIII വരെയുള്ള വ്യവസ്ഥകൾക്ക് ഭാരതത്തിൽ നിയമ പ്രാബല്യം ഉണ്ടായിരിക്കും.

4. ബന്ദിയാക്കൽ.—(1) ബലം പ്രയോഗിച്ചോ ബലം പ്രയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തിയോ മറ്റേതെങ്കിലും തരത്തിലുള്ള സൂചനകൊണ്ടോ ഏതെങ്കിലും ഒരാളെ പിടിച്ചുകൊണ്ടുപോവുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുകയും ഉടമ്പടി രാജ്യം അങ്ങനെയുള്ള ഭീഷണി നടപ്പാക്കുന്നത് ഒഴിവാക്കാനായി ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യണമെന്നോ അല്ലെങ്കിൽ അതിൽനിന്നും വിട്ടുനില്ക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ അയാളെ വധിക്കുകയോ ക്ഷതമേൽപ്പിക്കുകയോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുന്ന ഏതൊരാളും ബന്ദിയാക്കൽ എന്ന കുറ്റം ചെയ്യുന്നതാണ്.

(2) ബന്ദിയാക്കൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും പത്തുവർഷം വരെ ആകാവുന്ന കാലത്തേക്കുള്ള തടവിന് ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ പിഴയ്ക്കും അർഹനായിരിക്കുന്നതാണ്.

5. കുറ്റവാളികളെ തിരിച്ചയയ്ക്കൽ ആക്റ്റ് സംബന്ധിച്ച വ്യവസ്ഥകൾ.—ഉടമ്പടി രാജ്യത്തെ സംബന്ധിച്ച്, കുറ്റവാളികളെ തിരിച്ചയയ്ക്കൽ ആക്റ്റ്, 1962 ('962-ലെ 34)-ന്റെ ആവശ്യങ്ങൾക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വരുന്ന കുറ്റമോ ഉടമ്പടിയുടെ 1-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റു കുറ്റങ്ങളോ രാഷ്ട്രീയ സ്വഭാവമുള്ള കുറ്റങ്ങളായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

6. ഭാരതത്തിനു വെളിയിൽ ചെയ്യുന്ന കുറ്റങ്ങൾ.—(1) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു കുറ്റമോ ഉടമ്പടിയുടെ 1-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും കുറ്റമോ ഭാരതത്തിനു വെളിയിൽ,—

(ക) ഒരു ഭാരത പൗരൻ പുറം കടലിലോ മറ്റെവിടെയെങ്കിലുമോ വച്ച് ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പൗരനല്ലാത്ത ഒരാൾ ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും കപ്പലിലോ വ്യോമയാനത്തിലോ വച്ച്; അല്ലെങ്കിൽ

(ഗ) അങ്ങനെയുള്ള പൗരനല്ലാത്ത ഒരാൾ ഏതെങ്കിലും ഉടമ്പടി രാജ്യത്തുവച്ച്, ചെയ്താൽ അയാളെ ഭാരതത്തിനകത്ത് കാണപ്പെടുന്ന ഏതെങ്കിലും സ്ഥലത്തുവച്ച് അങ്ങനെയുള്ള കുറ്റം ചെയ്താലെന്നപോലെ കൈകാര്യം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള കുറ്റമോ ഉടമ്പടിയുടെ I-ാം അനുച്ഛേദത്തിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും കുറ്റമോ ഭാരതത്തിനകത്തുള്ള ഏതു സ്ഥലത്തുവച്ചും അന്വേഷിക്കുന്നതിനോ വിചാരണ ചെയ്യുന്നതിനോ നിർദ്ദേശിക്കാവുന്നതാണ്.

7. പ്രോസിക്യൂഷന് മുൻ അനുമതി ആവശ്യമാണെന്ന്.—ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന്, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ യാതൊരു പ്രോസിക്യൂഷനും ആരംഭിക്കാൻ പാടില്ലാത്തതും ഈ വകുപ്പിൻകീഴിൽ നൽകുന്ന അനുമതി ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ 188-ാം വകുപ്പിൻകീഴിൽ നൽകിയ അനുമതിയായി കരുതപ്പെടേണ്ടതും ആണ്.

8. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് എന്തെങ്കിലും നാശനഷ്ടം സംഭവിക്കുകയോ സംഭവിക്കാൻ സാദ്ധ്യത ഉണ്ടാകുകയോ ചെയ്താൽ അതിന് കേന്ദ്രസർക്കാരിനെതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

പട്ടിക

[2(ക) വകുപ്പ് കാണുക]

## ഭീകരപ്രവർത്തനം തടയുന്നത് സംബന്ധിച്ച സാർക്ക് മേഖലാ ഉടമ്പടി

**മേഖലാടിസ്ഥാനത്തിലുള്ള സഹകരണത്തിനുവേണ്ടി ദക്ഷിണ ഏഷ്യൻ അസ്സോസിയേഷന്റെ അംഗരാജ്യങ്ങൾ (സാർക്ക്)**

സാർക്ക് ചാർട്ടറിൽ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ള സഹകരണ തത്ത്വങ്ങൾ കണക്കിലെടുത്തുകൊണ്ട്;

1985 ഡിസംബർ 7, 8 തീയതികളിലെ ഡാക്ക ഉച്ചകോടിയിൽവച്ച് സാർക്ക് അംഗ രാഷ്ട്രത്തലവന്മാരും സർക്കാരും മേഖലയുടെ സുരക്ഷിതത്വത്തേയും സ്ഥിരതയേയും ബാധിക്കുന്ന ഭീകര. പ്രവർത്തനമെന്ന പ്രശ്നത്തിന്റെ ഗൗരവം അംഗീകരിച്ചത്. അനുസ്മരിച്ചുകൊണ്ടും;

മേഖലയിലെ ഭീകരപ്രവർത്തനം തടയേണ്ടതിനും നിർമ്മാർജ്ജനം ചെയ്യേണ്ടതിനും സാർക്ക് രാഷ്ട്രങ്ങൾക്കിടയിൽ സഹകരണം അത്യന്താപേക്ഷിതമാണെന്നതിൽ സാർക്ക് രാഷ്ട്രത്തലവന്മാരും സർക്കാരും യോജിക്കുകയും; എല്ലാ ഭീകരപ്രവർത്തനങ്ങളും പരിശീലന രീതികളും കുറ്റകരമാണെന്ന് അസന്നിഗ്ദ്ധമായി വിധിക്കുകയും അത് ജീവനും സ്വത്തിനും സാമൂഹ്യ സാമ്പത്തിക വികസനത്തിനും രാഷ്ട്രീയ സ്ഥിരതയ്ക്കും പ്രാദേശികമോ അന്തർദേശീയമോ ആയ സഹകരണത്തിനും സമാധാന

ത്തിനും വരുത്തുന്ന ആഘാതത്തിൽ പരിതപിക്കുകയും; ഓരോ രാഷ്ട്രവും മറ്റൊരു രാഷ്ട്രത്തിൽ ആഭ്യന്തര കലാപമോ ഭീകര പ്രവർത്തനങ്ങളോ സംഘടിപ്പിക്കുകയോ പ്രേരണ നൽകുകയോ, സഹായിക്കുകയോ, പങ്കെടുക്കുകയോ ചെയ്യരുതെന്നും തങ്ങളുടെ പ്രദേശത്തിനുള്ളിൽ അങ്ങനെയുള്ള പ്രവർത്തനങ്ങളിലേക്ക് നയിക്കാൻ ഇടയുള്ള പ്രവർത്തികൾക്ക് മൗനാനുവാദം നൽകാതിരിക്കുകയും ചെയ്യണമെന്ന് മറ്റ് കാര്യങ്ങളോടൊപ്പം ആവശ്യപ്പെടുന്ന യു. എൻ. പ്രമേയം 262-ലെ (XXV) തത്ത്വങ്ങളെ അംഗീകരിക്കുകയും ചെയ്ത 1986 നവംബർ 17-ലെ ബാംഗ്ളൂർ ഉച്ചകോടിയുടെ പ്രഖ്യാപനം അനുസ്മരിച്ചുകൊണ്ടും;

ഭീകര പ്രവർത്തനത്തിൻെറ വ്യാപനം ഉളവാക്കുന്ന അപകടവും അതിന് സമാധാനത്തിലും, സഹകരണത്തിലും, സൗഹാർദ്ദത്തിലും, നല്ല അയൽ ബന്ധങ്ങളിലും ഉളള ദൂഷ്യ ഫലങ്ങളും അത് രാഷ്ട്രത്തിൻെറ പരമാധികാരത്തെയും പ്രാദേശിക അഖണ്ഡതയെയും കൂടി അപകടപ്പെടുത്തുമെന്നതും അറിവുണ്ടായിരിക്കുന്നതിനാലും ;

ഭീകരപ്രവൃത്തി സംബന്ധമായ കൃത്യങ്ങൾ ചെയ്യുന്നവർ, അവർക്ക് എക്സ്ട്രഡിഷനോ പ്രോസിക്യൂഷനോ നൽകുന്നതു വഴി, പ്രോസിക്യൂഷനിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷപ്പെടരുതെന്ന് ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കപ്പെടുകയും ഈ ലക്ഷ്യത്തിലേക്ക് താഴെപ്പറയും പ്രകാരം കരാർ ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു :—

## അനുച്ഛേദം I

കുറ്റവാളികളെ തിരിച്ചയയ്ക്കൽ നിയമത്തിൻെറ മൊത്തത്തിലുള്ള ആവശ്യങ്ങൾക്ക് വിധേയമായി താഴെപ്പറയുന്ന ഏതെങ്കിലും കുററകൃത്യങ്ങൾക്ക് ഇടയാക്കുന്ന പെരുമാറ്റം കരാറിൽ ഏർപ്പെടുന്ന രാഷ്ട്രത്തിൻെറ നിയമമനുസരിച്ച് ഭീകരപ്രവൃത്തി സംബന്ധമായതായി കണക്കാക്കേണ്ടതും കുറ്റവാളികളെ തിരിച്ചയയ്ക്കലിൻെറ ആവശ്യത്തിലേക്ക് ഒരു രാഷ്ട്രീയ കുറ്റമായോ രാഷ്ട്രീയ കുറ്റവുമായി ബന്ധപ്പെട്ട കുറ്റമായോ രാഷ്ട്രീയ ലക്ഷ്യങ്ങളാൽ പ്രേരിതമായ ഒരു കുറ്റമായോ കണക്കാക്കാൻ പാടില്ലാത്തതുമാകുന്നു:—

(ക) വിമാനം നിയമ വിരുദ്ധമായി പിടിച്ചെടുക്കുന്നത് തടയുന്നതിനുവേണ്ടി 1970 ഡിസംബർ 16-ാം തീയതി ഹേഗിൽ വച്ച് ഒപ്പിട്ട ഉടമ്പടിയുടെ പരിധിക്കുള്ളിൽ വരുന്ന ഒരു കുറ്റം ;

(ഖ) സിവിൽ വ്യോമ ഗതാഗതത്തിൻെറ സുരക്ഷക്കെതിരായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി 1971 സെപ്റ്റംബർ 23-ന് മോൺട്രിയലിൽ വച്ച് ഒപ്പിട്ട ഉടമ്പടിയുടെ പരിധിക്കുള്ളിൽ വരുന്ന ഒരു കുറ്റം ;

(ഗ) നയതന്ത്ര പ്രതിനിധികൾ ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ സംരക്ഷിക്കപ്പെടുന്ന ആളുകൾക്ക് എതിരെയുളള കുററങ്ങൾ തടയലും ശിക്ഷ നൽകലും സംബന്ധിച്ച് 1973 ഡിസംബർ 14-ന് ന്യൂയോർക്കിൽ വച്ച് ഒപ്പിട്ട ഉടമ്പടിയുടെ പരിധിക്കുള്ളിൽ വരുന്ന ഒരു കുററം ;

(ഘ) ബന്ധപ്പെട്ട സാർക്ക് അംഗരാഷ്ട്രങ്ങൾ കക്ഷിയായിട്ടുള്ളതും പ്രോസിക്യൂട്ട് ചെയ്യാനോ കുറ്റവാളികളെ തിരിച്ചയയ്ക്കാനോ ബാദ്ധ്യസ്ഥമാക്കുന്നതും ആയ ഏതെങ്കിലും ഉടമ്പടിയുടെ പരിധിക്കുള്ളിൽ വരുന്ന ഒരു കുറ്റം ;

(ങ) കൊലപാതകം, നരഹത്യ, ശാരീരികപീഢ ഉണ്ടാക്കുന്ന കയ്യേറ്റം, തട്ടിക്കൊണ്ടുപോകൽ, ബന്ദിയാക്കൽ, ആളുകളുടെ മരണത്തിനും ഗുരുതരമായ ശാരീരിക ക്ഷതിക്കും സ്വത്തിന്റെ സാരമായ നാശത്തിനും ഇടയാക്കുന്ന സങ്കീർണ്ണമായ കുഴപ്പങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ തോക്കുകൾ, ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ, അപായകരമായ പദാർത്ഥങ്ങൾ ഇവ ഉപയോഗിക്കുന്നത് സംബന്ധിച്ച കുറ്റകൃത്യങ്ങൾ ;

(ച) (ക) മുതൽ (ങ) വരെയുള്ള ഉപഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള ഒരു കുറ്റം ചെയ്യുന്നതിനുള്ള ശ്രമമോ ഗൂഢാലോചനയോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനെ സഹായിക്കലോ പ്രേരണ നൽകലോ ഉദ്ദേശിക്കലോ അല്ലെങ്കിൽ അങ്ങനെ വിവരിച്ചിട്ടുള്ള കുറ്റങ്ങളിൽ കൂട്ടാളിയായി പങ്കുചേരുകയോ ചെയ്യൽ.

## അനുച്ഛേദം II

സാർക്ക് അംഗ രാഷ്ട്രങ്ങൾക്കിടയിൽ കുറ്റവാളികളെ തിരിച്ചയയ്ക്കുന്നതിന്റെ ആവശ്യത്തിലേക്ക്, കരാറിൽ ഏർപ്പെടുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ രാഷ്ട്രങ്ങൾ, കരാർവഴി, ഒരു രാഷ്ട്രീയ കുററമായോ രാഷ്ട്രീയ കുറ്റവുമായി ബന്ധപ്പെട്ട ഒരു കുറ്റമായോ രാഷ്ട്രീയ ലക്ഷ്യങ്ങളാൽ പ്രേരിതമായ കുറ്റമായോ കണക്കാക്കാൻ പാടില്ലാത്ത അക്രമം ഉൾപ്പെടുന്ന മറ്റേതെങ്കിലും ഗുരുതരമായ കുറ്റവും, ഉൾപ്പെടുത്താൻ തീരുമാനിക്കാവുന്നതാണ്.

## അനുച്ഛേദം III

1. എല്ലാ എക്സ്ട്രഡിഷൻ സന്ധികളുടെയും ഒത്തുതീർപ്പുകളുടെയും കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾക്കിടയിൽ ബാധകമായ വ്യവസ്ഥകൾ കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾക്കിടയിൽ അവ ഈ ഉടമ്പടിക്ക് വിരുദ്ധമായിട്ടുള്ളിടത്തോളം ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

2. I-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ളിടത്തോളവും II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളിടത്തോളവും, ഏതെങ്കിലും കുറ്റം, കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഏതെങ്കിലും എക്സ്ട്രഡിഷൻ സന്ധിയിൽ കുറ്റവാളിയായി തിരിച്ചയയ്ക്കപ്പെടാവുന്ന കുറ്റമായി പട്ടികയിൽ ചേർത്തിട്ടില്ലെങ്കിൽ ഈ ഉടമ്പടിയുടെ ആവശ്യത്തിലേക്ക് അപ്രകാരം അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണക്കാക്കപ്പെടുന്നതാണ്.

3. കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾ, ഭാവിയിൽ അവർക്കിടയിൽ പൂർത്തീകരിക്കപ്പെടാവുന്ന ഏതെങ്കിലും എക്സ്ട്രഡിഷൻ സന്ധിയിൽ ഈ കുറ്റങ്ങളെ കുറ്റവാളികളായി തിരിച്ചയയ്ക്കപ്പെടാവുന്ന കുറ്റങ്ങളായി ഉൾപ്പെടുത്തുവാൻ ഉറപ്പുകൊടുക്കുന്നു.

4. ഒരു സന്ധി നിലവിലുള്ളപ്പോൾ, എക്സ്ട്രഡിഷൻ സോപാധികമാക്കുന്ന കരാറിൽ ഏർപ്പെട്ടിട്ടുള്ള ഒരു രാഷ്ട്രം, അതുമായി എക്സ്ട്രഡിഷൻ സന്ധിയില്ലാത്ത കരാറിൽ ഏർപ്പെട്ടിട്ടുള്ള മറ്റൊരു രാഷ്ട്രത്തിൽ നിന്നും എക്സ്ട്രഡിഷന് ഒരു അപേക്ഷ സ്വീകരിക്കുകയാണെങ്കിൽ അപേക്ഷിക്കപ്പെട്ട രാഷ്ട്രം അതിന്റെ ഇച്ഛാനുസരണം I-ാം അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ളതോ II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളതോ ആയ കുറ്റങ്ങളെ സംബന്ധിച്ച് ഈ ഉടമ്പടി എക്സ്ട്രഡിഷന് ആധാരമായി കണക്കാക്കേണ്ടതാണ്. കുറ്റവാളികളുടെ തിരിച്ചയയ്ക്കൽ അപേക്ഷിക്കപ്പെട്ട രാഷ്ട്രത്തിന്റെ നിയമത്തിനു വിധേയമായിരിക്കുന്നതാണ്.

5. ഒരു സന്ധി നിലവിലുള്ളപ്പോൾ, എക്സ്ട്രഡിഷൻ സോപാധികമാകാത്ത കരാറിൽ ഏർപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങൾ അവയ്ക്കിടയിൽ, I-ാം അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ളതോ II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളതോ ആയ കുറ്റങ്ങൾ, അപേക്ഷിക്കപ്പെട്ട രാഷ്ട്രത്തിന്റെ നിയമത്തിനു വിധേയമായി, കുറ്റവാളികളായി തിരിച്ചയയ്ക്കാവുന്ന കുറ്റങ്ങളായി അംഗീകരിക്കേണ്ടതാണ്.

## അനുച്ഛേദം IV

കരാറിൽ ഏർപ്പെട്ടിട്ടുള്ള ഒരു രാഷ്ട്രം അതിന്റെ ഭൂപ്രദേശത്ത് I-ാം അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ളതോ II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളതോ ആയ ഒരു കുറ്റം ചെയ്തതായി സംശയിക്കപ്പെടുന്ന ഒരാളെ കാണപ്പെടുകയും, അത് കരാറിൽ ഏർപ്പെട്ടിട്ടുള്ള മറ്റൊരു രാഷ്ട്രത്തിൽ നിന്ന് കുറ്റവാളികളെ തിരിച്ചയയ്ക്കുന്നതിന് ഒരു അപേക്ഷ സ്വീകരിക്കുകയും ചെയ്യുമ്പോൾ, അയാളെ തിരിച്ചയയ്ക്കുന്നില്ലെങ്കിൽ ഒഴിവാക്കൽ കൂടാതെയും കാലതാമസം കൂടാതെയും ആ കേസ് പ്രോസിക്യൂഷന് പരിഗണിക്കുന്നതിനുവേണ്ടി ക്ഷമതയുള്ള അധികാര സ്ഥാനങ്ങളിൽ സമർപ്പിക്കേണ്ടതാണ്. ഈ അധികാരസ്ഥാനങ്ങൾ, ആ രാഷ്ട്രത്തിന്റെ നിയമത്തിൻകീഴിൽ ഗുരുതര സ്വഭാവമുള്ള ഏതെങ്കിലും ഒരു കുറ്റത്തിന്റെ സംഗതിയിൽ എന്നപോലെ അവരുടെ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

## അനുച്ഛേദം V

IV-ാം അനുച്ഛേദത്തിന്റെ ആവശ്യത്തിലേക്ക്, കരാറിൽ ഏർപ്പെട്ടിട്ടുള്ള ഓരോ രാഷ്ട്രവും, I-ാം അനുച്ഛേദത്തിൻ കീഴിലുള്ളതോ II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളതോ ആയ ഒരു കുറ്റത്തിന്റെ സംഗതിയിൽ, അതിന്റെ അധികാരിത പ്രയോഗിക്കുന്നതിന് അതിന്റെ ദേശീയ നിയമങ്ങൾക്ക് സംഗതമായി, അന്യോന്യതയ്ക്ക് വിധേയമായി അതിന് സമുചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## അനുച്ഛേദം VI

കരാറിൽ ഏർപ്പെട്ടിട്ടുള്ള ഒരു രാഷ്ട്രത്തിന്റെ ഭൂപ്രദേശത്ത് കുറ്റം ആരോപിക്കപ്പെട്ട ഒരാളെ കാണപ്പെടുകയും കരാറിൽ ഏർപ്പെട്ടിട്ടുള്ള മറ്റൊരു രാഷ്ട്രത്തിൽനിന്ന് കുറ്റവാളികളെ തിരിച്ചയയ്ക്കുന്നതിന് ഒരപേക്ഷ സ്വീകരിക്കുകയും ചെയ്യുമ്പോൾ, എക്സ്ട്രഡിഷന്റെയോ പ്രോസിക്യൂഷന്റെയോ ആവശ്യത്തിലേക്ക് അയാളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തത്തക്ക വിധം, അതിന്റെ ദേശീയ നിയമങ്ങൾക്കു വിധേയമായി സമുചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അങ്ങനെയുള്ള നടപടികൾ അപേക്ഷിക്കുന്ന രാഷ്ട്രത്തെ സത്വരം അറിയിക്കേണ്ടതാണ്.

## അനുച്ഛേദം VII

നിസ്സാര സ്വഭാവമുള്ള കേസാണെന്ന കാരണത്താലോ പലായനം ചെയ്ത കുറ്റവാളിയെ വിട്ടുകൊടുക്കുന്നതിനോ തിരിച്ചേൽപ്പിക്കുന്നതിനോ ഉള്ള അപേക്ഷ നൽകിയത് ഉത്തമവിശ്വാസത്തോടുകൂടിയല്ലെന്നോ നീതിയുടെ താൽപര്യങ്ങൾക്കനുസൃതമായല്ലെന്നോ ഉള്ള കാരണത്താലോ; അല്ലെങ്കിൽ, മറ്റേതെങ്കിലും കാരണത്താലോ പലായനം ചെയ്ത കുറ്റവാളിയെ വിട്ടുകൊടുക്കുന്നതോ തിരിച്ചേൽപ്പിക്കുന്നതോ നീതിപൂർവ്വകമല്ലെന്നോ യുക്തമല്ലെന്നോ അപേക്ഷിക്കപ്പെട്ട രാഷ്ട്രത്തിന് തോന്നുന്ന പക്ഷം കരാറിൽ ഏർപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങൾ കുറ്റവാളിയെ തിരിച്ചയക്കാൻ ബാദ്ധ്യസ്ഥരാകുന്നതല്ല.

## അനുച്ഛേദം VIII

1. കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾ അവരുടെ ദേശീയ നിയമങ്ങൾക്കു വിധേയമായി, I-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ളതോ II-ാം അനുച്ഛേദപ്രകാരം സമ്മതിച്ചിട്ടുള്ളതോ ആയ കുറ്റങ്ങൾ സംബന്ധിച്ച്, എടുത്തിട്ടുള്ള നടപടികൾ സംബന്ധമായി അവരുടെ അധീനതയിലുള്ള എല്ലാ തെളിവുകളും നൽകുന്നത് ഉൾപ്പെടെ ആ നടപടികൾക്ക് ആവശ്യമായ ഏറ്റവും കൂടിയ തോതിലുള്ള പരസ്പര സഹായം അന്യോന്യം നൽകേണ്ടതാണ്.

2. കരാറിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾ അവരുടെ ദേശീയ നിയമങ്ങൾ അനുവദിക്കുന്നിടത്തോളം സമുചിതമായ ഏജൻസികൾക്കിടയിലുള്ള ആലോചനകൾ മുഖേനയും വിവരവും ബുദ്ധിയും പ്രാഗത്ഭ്യവും കൈമാറുന്നതുവഴിയും സമുചിതമാകാവുന്ന അങ്ങനെയുള്ള മറ്റു സഹകരണ നടപടികൾ വഴിയും മുൻകരുതൽ നടപടികളിലൂടെ ഭീകര പ്രവൃത്തി സംബന്ധമായ പ്രവർത്തനങ്ങൾ തടയുകയെന്ന ഉദ്ദേശ്യത്തോടെ പരസ്പരം സഹകരിക്കേണ്ടതാണ്.

## അനുച്ഛേദം IX

1. ഈ ഉടമ്പടി കാഠ്മണ്ഡുവിലുള്ള സാർക്ക് സെക്രട്ടേറിയറ്റിൽ സാർക്ക് അംഗരാഷ്ട്രങ്ങൾക്ക് ഒപ്പു വയ്ക്കുവാൻ പ്രാപ്യമായിരിക്കുന്നതാണ്.

2. ഇതു സ്ഥിരീകരിക്കലിന് വിധേയമായിരിക്കുന്നതാണ്. സ്ഥിരീകരിക്കൽ പ്രമാണങ്ങൾ സാർക്കിന്റെ സെക്രട്ടറി ജനറലിനെ സൂക്ഷിക്കാൻ ഏൽപ്പിക്കേണ്ടതാണ്.

## അനുച്ഛേദം X

ഈ ഉടമ്പടി, ഏഴാമതു സ്ഥിരീകരിക്കൽ പ്രമാണം സാർക്ക് സെക്രട്ടറി ജനറലിനെ സൂക്ഷിക്കാൻ ഏൽപ്പിച്ച തീയതി കഴിഞ്ഞ് പതിനഞ്ചാം ദിവസം പ്രാബല്യത്തിൽ വരുന്നതാണ്.

## അനുച്ഛേദം XI

സാർക്കിന്റെ സെക്രട്ടറി ജനറൽ ഈ ഉടമ്പടി സൂക്ഷിക്കേണ്ട ആൾ ആയിരിക്കേണ്ടതും ഈ ഉടമ്പടിയിൽ ഒപ്പുവച്ച അംഗരാഷ്ട്രങ്ങളെയും സ്ഥിരീകരിക്കൽ പ്രമാണങ്ങളുടെ എല്ലാ സൂക്ഷിപ്പിനേയും സംബന്ധിച്ച് വിജ്ഞാപനം ചെയ്യേണ്ടതുമാണ്. സെക്രട്ടറി ജനറൽ അങ്ങനെയുള്ള പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പ്രതികൾ ഓരോ അംഗരാഷ്ട്രത്തിനും അയച്ചുകൊടുക്കേണ്ടതാണ്. സെക്രട്ടറി ജനറൽ X-ാം അനുച്ഛേദപ്രകാരം ഈ ഉടമ്പടി പ്രാബല്യത്തിൽ വരുന്ന തീയതി അംഗരാഷ്ട്രങ്ങളെ അറിയിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട സർക്കാർ മുറപ്രകാരം അധികാരം നല്കിയ താഴെ ഒപ്പുവച്ചിട്ടുള്ളവർ ഇതിൻപ്രകാരം ഈ ഉടമ്പടി സാക്ഷ്യപ്പെടുത്തി ഒപ്പുവച്ചിരിക്കുന്നു.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയേഴ് നവംബർ നാലാം തീയതി കാഠ്മണ്ഡുവിൽ വച്ച് ഇംഗ്ലീഷ് ഭാഷയിൽ എട്ട് അസലുകൾ, എല്ലാ പാഠങ്ങളും ഒരു പോലെയാണെന്ന് പ്രമാണീകരിച്ച്, തയ്യാറാക്കിയിരിക്കുന്നു.

3/4067/2002 (iv)

# GLOSSARY

## The SAARC Convention (Suppression of Terrorism) Act, 1993

**(Act No. 36 of 1993)**

## സാർക്ക് ഉടമ്പടി (ഭീകര പ്രവർത്തനം തടയൽ) ആക്റ്റ്, 1993

(1993-ലെ 36-ാം നമ്പർ ആക്റ്റ്)

| | |
|---|---|
| hostage taking [Section 4 (2)] | -ബന്ദിയാക്കൽ |
| manslaughter [Art. 1 (e)] | -നരഹത്യ |
| fugitive (Art. VII) | -പലായനം ചെയ്ത |